ശ്രീ. കെ. രാമചന്ദ്രൻ: ഫർണസ്–ൽ അവിടത്തെ തൊഴിലാളികൾക്ക് എത്ര ശതമാനം ബോണസ്സ് കൊടുത്തു?

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: ആ ചോദ്യം ഇതിൽനിന്നുദിക്കുന്നില്ല.

പട്ടികജാതി

*൨൦൨. (൯൩) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വിശ്വകർമ്മസമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്നു് അവർ ഗവൺമെൻറിനോടു് ആവശ്യപ്പെട്ടിട്ടുണ്ടോ?

(ബി) ഈ സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്താഞ്ഞതിനുള്ള കാരണങ്ങൾ എവ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്.

(ബി) വിശ്വകർമ്മസമുദായത്തെ സംബന്ധിച്ചിടത്തോളം, സാക്ഷരതാത്തിലും സാമ്പത്തികസ്ഥിതിയിലും നോക്കുന്ന പക്ഷം പട്ടികജാതിക്കാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തത്തക്കവിധം അവരുടെ നില അത്ര മോശമല്ലാ.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർ എതു നിലയിൽ ഇരിക്കുന്നു എന്നു പറയാമോ?

ശ്രീ. സി. കേശവൻ: അതിൻെറ സെൻസസ്സു് എടുത്തിട്ടില്ല.

ശ്രീ. പി. കെ. കുമാരൻ ആചാരി: പിന്നെ എന്തുകൊണ്ടാണു് അവരെ പട്ടികജാതിയിൽ ഉൾപ്പെടുത്താതിരുന്നതു്?

ശ്രീ. സി. കേശവൻ: സാധാരണയായി പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതു് മലയരയൻ, വേലൻ, വാലൻ മുതലായ സാക്ഷരതാ കുറവായതും, സാമ്പത്തികനിലയും സാമുദായികസ്ഥിതിയും മോശമായിട്ടുള്ളവരെയാണു്. കമ്മാള സമുദായത്തെ അതിൽ ഉൾപ്പെടുത്തുന്നതു് അവരുടെ സമുദായത്തിനു് ആക്ഷേപകരമായിട്ടുള്ളതാണെന്നു കരുതി ചേർക്കാതിരുന്നതാണു്.

ശ്രീ. പി. കെ. കുമാരൻ ആചാരി: അവർക്കു് അതിൽ ആക്ഷേപമില്ലെന്നറിയാമോ?

ശ്രീ. സി. കേശവൻ: അവർക്കു് ആക്ഷേപമില്ലെങ്കിലും ഗവൺമെൻറിനു അവരെ പട്ടികജാതിക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു് ശരിയല്ല എന്നു തോന്നി.

ശ്രീ. പി. കെ. കുമാരൻ ആചാരി: അവരെ ഏതു് ലിസ്റ്റിലാണുൾപ്പെടുത്തിയിട്ടുള്ളതു്?

ശ്രീ. സി. കേശവൻ: അവരെ വിദ്യാഭ്യാസ സൌജന്യങ്ങൾക്കും മറ്റുമായി ബാക്കവേർഡ് കമ്മ്യൂണിറ്റീസിൻെറ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണു്.

ശ്രീ. കെ. രാമചന്ദ്രൻ: ഈ സമുദായങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സാമ്പത്തികസർവ്വേ നടത്തിയിട്ടുണ്ടോ?

Mr. Speaker: The question does not arise.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ പട്ടികജാതിക്കാരുടെ കൂട്ടത്തിൽ ഏതെല്ലാം സമുദായക്കാർ ഉൾപ്പെടും?

ശ്രീ. സി. കേശവൻ: വാലസമുദായം, വേളാർ, മലഅരയൻ, മുതലായവരെയാണ്. ഇതുകൂടാതെ വിദ്യാഭ്യാസ സൌജന്യങ്ങളും സമ്പാദിക്കുന്നതിനും മറ്റുമായി മറ്റു സമുദായങ്ങളും പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

സാഹിബ് ബഹദൂർ അബ്ദുൾ അസീസ്: ഈ പട്ടികജാതിക്കാർ എന്നു പറയുന്നതു് ആക്ഷേപമാണോ?

ശ്രീ. സി. കേശവൻ: അല്ല.

ശ്രീ. എ. പി. ഉദയഭാനു: വിശ്വകർമ്മസമുദായം എന്നു പറയുന്നതു് വിശ്വകർമ്മബ്രാഹ്മണരല്ലേ?

ശ്രീ. സി. കേശവൻ: അതേ.

ടെക്സ്റ്റയിൽ കമ്മിറ്റി

*൨൦൩ (മൻ) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട കൺട്രോൾ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

തുണി നൂൽ വിതരണസംബന്ധമായി പുതിയ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലേക്കു് ഏർപ്പെടുത്തിയ കമ്മിറ്റി ഇതിനകം എത്ര പ്രവർത്തിച്ചിട്ടുണ്ടു്?

ധനകാര്യവും, ഭക്ഷ്യവും, വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര): ഇതു സംബന്ധിച്ചു് ൧൦-൪-൪൯-ൽ ഒരു കമ്മിറ്റിയെ രൂപീകരിച്ചു. ആ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നൂൽകൊടുത്തു പകരം തുണിവാങ്ങിക്കുക എന്നുള്ള സ്കീം അംഗീകരിച്ചിട്ടുണ്ടു്. ഈ പദ്ധതി അനുസരിച്ചു് തിരുവിതാംകൂർ ഹാൻഡ്ലൂം വീവേഴ്സ് സെൻട്രൽ കോവാപ്പറേറ്റീവു് സൊസൈറ്റിക്കു് ൧൦ ബെയിൽ നൂലും മേമാസം മുതൽ അനുവദിച്ചിട്ടുണ്ടു്. ഒരു ടെക്സ്റ്റയിൽ സെൻട്രൽ അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടു്. ഈ കമ്മിറ്റി ഉടനെ തന്നെ സംഘടിപ്പിക്കുന്നതാണു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ രണ്ടു സംഘടനകൾക്കും നൂൽ കൊടുത്തിട്ടു് തിരിച്ചു് തുണി വാങ്ങിയിട്ടുള്ളതായറിയാമോ?

ശ്രീ. കെ. എം. കോര: ഇപ്പോൾ പറയാൻ നിവർത്തിയില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: അവർക്കു് എത്ര ഇഷ്യു കൊടുത്തു എന്നു പറയാമോ?

ശ്രീ. കെ. എം. കോര: അതിപ്പോൾ പറയാൻ നിവർത്തിയില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ മാസത്തിൽ എത്ര തവണ കൊടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ. എം. കോര: അതിനു നോട്ടീസു വേണം.

TEACHERS APPOINTED ON A BASIC SALARY OF Rs. 50

*204. [20] **Sri. N. Daniel Jose:** Will the hon. Minister for Education be pleased to state.—

(*a*) the number of teachers appointed since September 1949 on a basic salary of Rs. 50;

(*b*) whether they have been given increments so far or paid revised scales; and

LIBRARY ARCHIVES Kerala Legislative Assembly